## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 527 11.06.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ധനസഹായ പദ്ധതി

| | ചോദ്യം<br><br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. പി. സജീന്ദ്രൻ | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | മാരകമായ രോഗങ്ങൾ പിടിപ്പെട്ടവരും വർദ്ധിച്ചു വരുന്ന ചികിത്സാ ചിലവു മൂലം വിദഗ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ സൗജന്യമായി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. |
| (ബി) | ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനം എപ്രകാരമാണ് സമാഹരിക്കുന്നത് ; | (ബി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന പ്രതിവാര കാരുണ്യ ഭാഗ്യക്കുറിയുടെ ആദായത്തിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ധനം സമാഹരിക്കുന്നത്. |
| (സി) | ഏതെല്ലാം രോഗങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ; | (സി) | കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ, ഹീമോഫീലിയ രോഗം, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം വിഭാഗക്കാർക്കാണ് ധനസഹായം ലഭിക്കുന്നത്; | (ഡി) | എല്ലാ ബി.പി.എൽ കുടുംബത്തിനും, 3 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ. കുടുംബത്തിനും ചികിത്സാ സഹായം ലഭിക്കുന്നതാണ്. |
| (ഇ) | ഏതെല്ലാം തരം ആശുപത്രികളിലാണ് ചികിത്സാ സൗകര്യം ലഭിക്കുന്നത്. വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഇ) | നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ ടെർഷ്വറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കും, കൂടാതെ നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പ് വച്ചിട്ടുള്ള 51 സർക്കാരിതര അക്രെഡിറ്റഡ് ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സാ ധനസഹായം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.